സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോമിത്രം, ആശ്വാസ കിരൺ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഈ പദ്ധതികൾ ഏത് ഏജൻസി മുഖാന്തിരമാണ് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) 'ആശ്വാസ കിരൺ' പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി ഓരോ ജില്ലയിലും എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വയോമിത്രം പദ്ധതി</u>

3443

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോജന നയത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കർമ്മപദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഇതിനകം തുടക്കം കുറിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വയോമിത്രം പദ്ധതി വയോജന നയത്തിന്റെ ഭാഗമാണോ; ഈ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; ഇതിൽ ഏതെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ പദ്ധതിയുടെ കീഴിൽ ലബോറട്ടറി സൗകര്യമുള്ള മൊബൈൽ വാനുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചു; വയോജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലൂടെ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പകൽവീട്</u>

3444 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങൾക്ക് ഒത്തുചേരുന്നതിനും, മാനസികോല്ലാസത്തിനും ഗുണകരമായ പകൽവീടുകൾ ഇപ്പോൾ എവിടെയെല്ലാമാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പകൽവീടുകൾ പല സ്ഥലങ്ങളിലും ബന്ധപ്പെട്ടവരുടെ അനാസ്ഥമൂലം പ്രവർത്തനരഹിതമായി അടഞ്ഞുകിടക്കുന്ന അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവയെ സജീവമാക്കുന്നതിനും എല്ലാ പഞ്ചായത്തിലും പകൽ വീടുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

'പകൽവീട്' പദ്ധതി

3445 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'പകൽവീട്' ഏതൊക്കെ പഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) അതിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്;

(സി) പ്രസ്തുത പകൽവീടുകളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>നിർഭയകേരളം പദ്ധതി</u>

T.3446 ശ്രീമതി ഇ.എസ്. ബിജിമോൾ
,, ഗീതാ ഗോപി
ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിർഭയകേരളം' പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്; ഇതിനായി കേന്ദ്രഗവൺമെന്റിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം ലഭിച്ച സഹായം എത്രയാണെന്ന് അറിയിക്കുമോ;

(ബി) നിർഭയപദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കും ഈ പദ്ധതിയിൻ കീഴിൽ എന്തെല്ലാം സുരക്ഷയാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>'നിര്‍ഭയ' ഷെല്‍ട്ടറുകള്‍</u>

3447 ശ്രീ. വി. ഡി. സതീശന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'നിര്‍ഭയ' ഷെല്‍ട്ടറുകള്‍ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

'നിർഭയ' പദ്ധതി

3448 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിർഭയ' പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) 'നിർഭയ' പദ്ധതിക്കായി എത്ര തുക ബഡ്ജറ്റിൽ അനുവദിച്ചിരുന്നു; ഇതിൽ എത്ര തുക ചെലവാക്കിയിട്ടുണ്ട്;

(സി) 'നിർഭ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ഡി) 'നിർഭയ' പദ്ധതിയുടെ ചുമതലക്കാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

'വി കെയർ' പദ്ധതി

3449 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹികനീതി വകുപ്പ് നടപ്പിലാക്കുന്ന 'വി കെയർ' പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള വിഭവസമാഹരണം ഏതൊക്കെ മേഖലകളിൽനിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; ഇപ്രകാരം എത്ര കോടി രൂപയുടെ ഫണ്ട് സ്വരൂപിക്കാനാകുമെന്നാണ് വകുപ്പിന്റെ കണക്കുകൂട്ടൽ; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ സമൂഹത്തിലെ ആർക്കെല്ലാം എന്തെല്ലാം സഹായങ്ങൾ നൽകാനാണ് തീരുമാനം; എങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന് എന്തെങ്കിലും കേന്ദ്രസഹായം ആവശ്യപ്പെട്ടുവോ; വ്യക്തമാക്കുമോ;

(ഇ) 2013-14 നടപ്പുവർഷം ബജറ്റിൽ ഇതിനായി എന്ത് തുക നീക്കിവച്ചിരുന്നു; ആയതിൽ നാളിതുവരെ എന്ത് തുക ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>സാന്ത്വന പദ്ധതി</u>

3450 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാന്ത്വന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി മുഖേന പ്രവാസികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ധനസഹായങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്ന് മുതലാണ് ധനസഹായങ്ങൾക്ക് പ്രാബല്യമുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**29.01.2014–ലെ മറുപടിക്ക്**

<u>സമാശ്വാസം പദ്ധതി</u>

3451 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൃക്കരോഗങ്ങളാൽ ഡയാലിസിസിന് വിധേയരാകേണ്ടിവരുന്നവർക്ക് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സമാശ്വാസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

‘സ്നേഹപൂർവ്വം’ പദ്ധതി

3452 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ‘സ്നേഹപൂർവ്വം’ പദ്ധതിയിൽ സഹായം ലഭിക്കുന്നതിന് ഉള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദീകരണം നൽകാമോ;

(ബി) സ്നേഹപൂർവ്വം പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ച് 2013-ൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഈ അപേക്ഷകളിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുമ്പോൾ ആ വിവരം അവരെ അറിയിച്ചിട്ടുണ്ടോ; അർഹതപ്പെട്ടവർക്കെല്ലാം ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ‘സ്നേഹപൂർവ്വം’ പദ്ധതിയിൽ അർഹതപ്പെട്ടവരെയെല്ലാം ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>'സ്നേഹപൂർവ്വം' പദ്ധതി</u>

T.3453 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന 'സ്നേഹപൂർവ്വം' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>''സ്നേഹപൂർവ്വം പദ്ധതി''</u>

3454 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''സ്നേഹപൂർവ്വം'' പദ്ധതി പ്രകാരം പത്താം ക്ലാസ്സുവരെ വിദ്യാർത്ഥികൾക്ക് മാസം 500/- രൂപ നിരക്കിൽ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആയത് എന്നത്തേയ്ക്ക് നടപ്പിലാകുമെന്നും പ്രസ്തുത പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് നിലവിൽ തുക വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര പേർ അപേക്ഷിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിൽ 'സ്നേഹപൂർവ്വം' പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾ</u>

3455 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്നേഹപൂർവ്വം' പദ്ധതിയിൽ ഉൾപ്പെടുന്നതിനായി വൈപ്പിൻ മണ്ഡലത്തിൽ നിന്നും നടപ്പ് അധ്യായന വർഷം ലഭിച്ച അപേക്ഷകൾ എത്രയെന്ന് പഞ്ചായത്തുകൾ, സ്കൂളുകൾ എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ലഭിച്ച എത്ര അപേക്ഷയിൻമേൽ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പഞ്ചായത്തിലെ 'സ്നേഹപൂര്‍വ്വം' പദ്ധതി</u>

3456 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള 'സ്നേഹപൂര്‍വ്വം' പദ്ധതിയില്‍ ഉള്‍പ്പെടുത്തി കുട്ടനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാര്‍ത്ഥികള്‍ക്ക്, എത്ര രൂപ വീതം പ്രതിമാസധനസഹായം അനുവദിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) 'സ്നേഹപൂര്‍വ്വം' പദ്ധതിയില്‍ ഉള്‍പ്പെടുത്തുന്നതിന് എം.എല്‍.എ. മുഖാന്തരം സമര്‍പ്പിച്ചിരിക്കുന്ന അപേക്ഷയിന്മേല്‍ അടിയന്തിരനടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ജെൻഡർ പാർക്കുകൾ</u>

3457 ശ്രീ. ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിനടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

കല്പ്പറ്റ, കണിയാമ്പറ്റ ചില്‍ഡ്രന്‍സ് ഹോമിന് പുതിയ കെട്ടിടം

3458 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ കണിയാമ്പറ്റ ചില്‍ഡ്രന്‍സ് ഹോമിന് പുതിയ കെട്ടിടം പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവില്‍ പ്രസ്തുത ചില്‍ഡ്രന്‍സ് ഹോമിലെ കുട്ടികള്‍ താമസിക്കുന്നത് ജീര്‍ണാവസ്ഥയിലായ കെട്ടിടത്തിലാണെന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പുതിയ കെട്ടിടത്തിന്റെ പണി പൂര്‍ത്തിയാകുന്നതുവരെ കുട്ടികളെ സംരക്ഷിതവും സൗകര്യപ്രദവുമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി പാര്‍പ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിൽ വൃദ്ധജനങ്ങളുടെ പരിരക്ഷയ്ക്കായി സാമൂഹികകേന്ദ്രം</u>

3459 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നന്തി ലൈറ്റ് ഹൗസിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വൃദ്ധജനങ്ങളുടെ പരിരക്ഷയ്ക്കായി സാമൂഹികകേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ച നിവേദനത്തിന്മേൽ ഇപ്പോൾ തുടർന്നുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ അനാഥാലയങ്ങളുടെ പ്രവർത്തനം</u>

3460 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന്റെ കണക്ക് പ്രകാരം എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമാണെന്നും ഓരോന്നിലും എത്ര അനാഥ കുട്ടികൾ ഉണ്ടെന്നും വിശദമാക്കുമോ; ഇവ ഓരോന്നിന്റേയും മാനേജ്മെന്റ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങളിൽ നിയമാനുസൃതം പ്രവർത്തിക്കുന്നവ എത്രയാണെന്നും ഏതെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) അംഗീകാരമില്ലാത്ത എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും ഏതെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കേരള സാമൂഹ്യക്ഷേമ മിഷൻ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ</u>

3461 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സാമൂഹ്യക്ഷേമ മിഷൻ നടപ്പിലാക്കുന്ന പ്രധാന സാമൂഹ്യക്ഷേമ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ഗ്രാമപഞ്ചായത്തുകൾ മുഖേന കൂടുതൽ പ്രചാരണങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഓരോ പദ്ധതിയിലൂടെയും പൊതുജനങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) കേരളാ സാമൂഹ്യക്ഷേമ മിഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷൻ കുടിശ്ശിക</u>

3462 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിവിധ സാമൂഹ്യക്ഷേമപെൻഷൻ കുടിശ്ശിക തുക എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ക്ഷേമപെന്‍ഷനുകള്‍ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാന്‍ നടപടി</u>

3463 ശ്രീ. എം. ഉമ്മര്‍
,, പി. ബി. അബ്ദുള്‍ റസാക്
,, എന്‍. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ഷേമപെന്‍ഷനുകളുടെ പ്രതിമാസ നിരക്ക് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷേമ പെന്‍ഷനുകള്‍ അതതുമാസം തന്നെ അര്‍ഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടുകളില്‍ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) എങ്കില്‍ അതിനായി അടുത്തുള്ള ബാങ്കില്‍ സീറോ ബാലന്‍സ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നല്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വികലാംഗ പെൻഷൻ</u>

3464 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗപരിമിതരായ ആളുകളുടെ എണ്ണം എത്ര എന്ന് കൃത്യമായി കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്കാണ് നിലവിൽ സംസ്ഥാന സർക്കാരിന്റെ അംഗപരിമിത പെൻഷൻ (വികലാംഗ പെൻഷൻ) ലഭിക്കുന്നത്; ഈ പെൻഷൻ ലഭിക്കുന്നതിന് വരുമാന പരിധി ബാധകമാണോ; എങ്കിൽ വരുമാന പരിധി നിലവിൽ എത്രയാണ്; ഈ പരിധി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇപ്പോൾ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന പെൻഷൻ തുക എത്ര വീതമാണ്; അംഗപരിമിതി എത്ര ശതമാനം മുതലുള്ളവർക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്; എത്ര വയസ്സുവരെ ഈ പെൻഷൻ ലഭിക്കും; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഭിന്നശേഷിയുള്ളവർക്കും, അംഗപരിമിതി കൂടുതലുള്ളവർക്കും പെൻഷൻ തുക വെവ്വേറെ നിശ്ചയിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിത പെൻഷൻ പദ്ധതി (ഐ.ജി.എൻ.ഡി.പി.എസ്) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര രൂപയാണ് ഈ പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലെ അംഗപരിമിതർക്ക് പെൻഷനായി ലഭിക്കുന്നത്; ഇതിനുവേണ്ട അർഹതാമാനദണ്ഡം എന്തൊക്കെയാണ്; അപേക്ഷ നൽകേണ്ടത് എവിടെയാണ്; അവയുടെ മാതൃകയും വിശദാംശങ്ങളും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്
## കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

3465 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ശസ്ത്രക്രിയ നടത്തുന്നതിന് ധനസഹായം ലഭിക്കാൻ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ശസ്ത്രക്രിയ നടത്തിയ കുട്ടികൾക്ക് തുടർ ചികിൽസയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിൽ നിന്നും കോക്ലിയർ ഇംപ്ലാന്റേഷന് ലഭിച്ച അപേക്ഷകൾ</u>

3466 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റ് പദ്ധതി പ്രകാരം പുതുക്കാട് മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര എണ്ണമാണ് ലഭിച്ചതെന്നും അതിൽ എത്രയെണ്ണം അനുവദിച്ചു എന്നും പേര്, തുക സഹിതം വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

വികലാംഗർക്ക് വാഹനം

3467 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് നൽകുന്ന മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനത്തിനായി കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അപേക്ഷകരുടെ വിശദാംശം നല്കുമോ; അപേക്ഷിച്ചവർക്ക് വാഹനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

'ആശ്രയ സ്കൂട്ടർ പദ്ധതി'

3468 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗക്ഷേമ കോർപറേഷൻ മുഖേന 'അംഗപരിമിത ആശ്രയ സ്കൂട്ടർ പദ്ധതി' പ്രകാരം 2013-14 വർഷത്തിൽ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ ഈ പദ്ധതി പ്രകാരം ആർക്കെല്ലാം വാഹനം ലഭ്യമാക്കിയിട്ടുണ്ടെന്നും, അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വികലാംഗർക്ക് ത്രീ വീലർ മോട്ടോർ സൈക്കിൾ</u>

3469 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിൽ വരുത്തുന്ന പദ്ധതികൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച് വിശദമാക്കാമോ;

(ബി) വികലാംഗർക്ക് ത്രീ വീലർ മോട്ടോർ സൈക്കിൾ ലഭ്യമാക്കാൻ സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിൽ പദ്ധതികൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

മാതൃകാ അംഗൻവാടികളുടെ നിർമ്മാണം

3470

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ അംഗൻവാടികളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു അംഗൻവാടിയുടെ നിർമ്മാണത്തിന് എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്; എത്ര അംഗൻവാടികളുടെ നിർമ്മാണം ആരംഭിച്ചു;

(സി) മാതൃകാ അംഗൻവാടികളുടെ നിർമ്മാണ ചുമതല സംസ്ഥാനതലത്തിൽ ഒരു ഏജൻസിക്കാണോ; ഒന്നിൽ കൂടുതൽ ഏജൻസികൾ ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ ഏജൻസിയെ എങ്ങനെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) മാതൃകാ അംഗൻവാടിയിലൂടെ ലക്ഷ്യമിടുന്ന സൗകര്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടികൾ</u>

3471 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;എങ്കിൽ എവിടെയെല്ലാമാണ് അംഗൻവാടികൾ നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അംഗൻവാടികൾക്ക് ഓരോന്നിനും എത്ര രൂപയാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>അംഗൻവാടികളിലെ പാചകവാതക കണക്ഷനുകൾ</u>

3472 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എ. പ്രദീപ്കുമാർ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിൽ ഉപയോഗിക്കുന്ന പാചകവാതക കണക്ഷനുകൾ ആധാറുമായി ബന്ധപ്പെടുത്തിയതായി അറിയാമോ ;

(ബി) ഇല്ലെങ്കിൽ ഭാവിയിൽ അംഗൻവാടികൾ പാചകവാതകത്തിന് സബ്സിഡിയില്ലാതെ മുഴുവൻ തുകയും നൽകേണ്ടതായ സ്ഥിതിവിശേഷം ഉണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അംഗൻവാടികളുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഈ സ്ഥിതിവിശേഷത്തിന് പരിഹാരനടപടി സിവിൽ സപ്ലൈസ് വകുപ്പുമായി ആലോചിച്ച് നടപ്പിലാക്കുമോ ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>തവനൂർ മണ്ഡലത്തിൽ മാതൃകാ അംഗൻവാടി</u>

3473 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജകമണ്ഡലത്തിൽനിന്നും മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ചുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് പഞ്ചായത്തിലെ ഏത് അംഗൻവാടിയെ സംബന്ധിച്ചുള്ള അപേക്ഷയാണ് ലഭിച്ചിട്ടുള്ളത് ;

(സി) ഇതിന്മേലുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം</u>

3474 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>അംഗൻവാടി ജീവനക്കാർക്കുള്ള ഓണറേറിയം</u>

3475 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർക്ക് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഓണറേറിയം വർധന കുടിശ്ശിക സഹിതം നൽകുന്നതിന് തീരുമാനിച്ച് ഉത്തരവിറക്കിയത് എന്നാണ്;

(ബി) പ്രസ്തുത ഉത്തരവിൻ പ്രകാരമുള്ള വേതനം നൽകിയിട്ടുണ്ടോ; ഇല്ലാത്ത പക്ഷം അടിയന്തരമായി വർദ്ധിപ്പിച്ച പ്രകാരമുള്ള വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കാൻ നടപടി</u>

3476 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനും, ഇ.എസ്.ഐ., പി.എഫ്, തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) അംഗൻവാടി ജീവനക്കാർക്ക് ചുരുങ്ങിയത് 1000 രൂപ പെൻഷൻ നൽകുന്നതിനും, ഓണറേറിയം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവ്</u>

3477 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നിലവിലുള്ള പ്രതിമാസവേതനം എത്രയാണെന്നും; ജോലി സമയം എത്രയാണെന്നും അറിയിക്കുമോ; അനുവദിച്ചിട്ടുള്ള വേതനം ഇവരുടെ ജോലിയുമായി തട്ടിച്ചു നോക്കിയാൽ വളരെ തുച്ഛമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം പോലും അംഗൻവാടി ഹെൽപ്പറിന് ലഭിക്കുന്നില്ല എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; അംഗൻവാടി ജീവനക്കാരുടെ വേതനം അടിയന്തിരമായി വർദ്ധിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാർക്കുള്ള പെൻഷൻ വർദ്ധനവ്</u>

3478 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരുടെ പെൻഷൻതുക വർദ്ധിപ്പിക്കുവാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) അംഗൻവാടി വർക്കറിനും ഹെൽപ്പറിനും എന്തു തുക വീതം വർദ്ധിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും എന്നു മുതൽ ഇത് ലഭ്യമായി തുടങ്ങുമെന്നും വ്യക്തമാക്കാമോ;

(സി) 1975 മുതൽ ബാലവാടികളിലും അംഗൻവാടികളിലും ജോലി ചെയ്ത ഇവർക്ക് മുന്നൂറ് രൂപ മാത്രമാണ് പെൻഷനായി നൽകുന്നതെന്നും മറ്റ് പെൻഷനുകളൊന്നും ലഭിക്കാത്ത ഇവർ ജീവിത ദുരിതത്തിലാണെന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിൽ ആർ. ഐ. ഡി. എഫ്. പദ്ധതി പ്രകാരം അംഗൻവാടികൾ</u>

3479 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ ആർ. ഐ. ഡി. എഫ്. സ്കീം പ്രകാരം പുനർനിർമ്മിക്കുന്നതിന് ഏതെല്ലാം അംഗൻവാടികളെ തെരഞ്ഞെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കീം പ്രകാരമുള്ള നബാർഡ് സഹായം എത്രയാണെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടി

3480 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടി ആരംഭിക്കുന്നതിന് എം.എൽ.എ.യുടെ കത്ത് ലഭിച്ചിട്ടുണ്ടോ;

(ബി) മാതൃകാ അംഗൻവാടി ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ;

(സി) മാതൃകാ അംഗൻവാടി ആരംഭിക്കുന്നതിന് തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ് സ്കീം പ്രകാരമുള്ള അംഗൻവാടികൾ</u>

3481 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം അംഗൻവാടികൾ നിർമ്മിക്കുന്നതിനും പുതുക്കി പണിയുന്നതിനും ഉള്ള നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിൻ കീഴിൽ കായംകുളം മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അംഗൻവാടികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

**<u>മലപ്പുറം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള കെട്ടിടനിർമ്മാണം</u>**

3482 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി (2012-13) പുൽപ്പറ്റ പഞ്ചായത്ത് സാംസ്കാരിക നിലയവും അംഗൻവാടി കെട്ടിടവും നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

(ബി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ഐ.സി.ഡി.എസ്. പ്രോജക്റ്റ് ഓഫീസര്‍ തസ്തികയിലെ ഒഴിവുകള്‍

3483 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര ഐ.സി.ഡി.എസ്. പ്രോജക്റ്റ് ഓഫീസര്‍ തസ്തികകള്‍ നിലവിലുണ്ട്;

(ബി) ഇതില്‍ എത്ര തസ്തികകളില്‍ നിയമനം നടത്തിയിട്ടുണ്ട്; എപ്പോഴാണ് പ്രസ്തുത നിയമനങ്ങള്‍ നടന്നത്;

(സി) ഇപ്പോള്‍ ഈ തസ്തികയില്‍ എത്ര ഒഴിവുകള്‍ നിലവിലുണ്ട്;

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലെ ജോലി നിര്‍വ്വഹിക്കുന്നത് ആരാണ്; അധികജോലിഭാരം അടിച്ചേല്‍പ്പിക്കുന്നതായി ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാന്‍ അടിയന്തിരനടപടി സ്വീകരിക്കുമോ;

(ഇ) ഒഴിവുകള്‍ നികത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍, എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ശിശുവികസന പദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി</u>

3484 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ മലയോരമേഖലകളിൽ, പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ നിയമിച്ച ശിശു വികസന പദ്ധതി ഓഫീസർമാർ ദീർഘകാല അവധിയിൽ പോകുന്നതുമൂലം പദ്ധതി നടത്തിപ്പ് തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പുരുഷൻമാരായ ഉദ്യോഗസ്ഥരെ ഈ മേഖലയിൽ നിയമിച്ചാൽ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാമെന്ന നിർദ്ദേശം പരിശോധിക്കുമോ;

(ഡി) ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ ചെലുത്തി പ്രശ്നം പരിഹരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ

3485 ശ്രീ. സി. മമ്മൂട്ടി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയമിച്ച കമ്മീഷന്റെ ശുപാർശകളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കമ്മീഷൻ ശുപാർശകൾ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) ശിശു വികസന പദ്ധതി ഓഫീസർ, ഉപശിശു വികസന പദ്ധതി ഓഫീസർ എന്നീ തസ്തികകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന് 20% സംവരണം നടപ്പാക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിൻമേൽ തീരുമാനം കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) 2002-ൽ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ വനിതാസംവരണം ഏർപ്പെടുത്തിയെങ്കിലും 2010-ൽ സ്പെഷ്യൽ റൂൾ ഉണ്ടാക്കിയപ്പോൾ മിനിസ്റ്റീരിയൽ വിഭാഗം വനിതകളെ ഒഴിവാക്കി സൂപ്പർവൈസർ വനിതകളെന്നും മിനിസ്റ്റീരിയൽ വനിതകളെന്നും രണ്ടായി തിരിച്ച് വിഭാഗീയത ഉണ്ടാക്കിയതായുള്ള പരാതി പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

'കില' യുടെ പ്രവർത്തനം

3486 ശ്രീ. കെ. ശിവദാസൻ നായർ
'' ലൂഡി ലൂയിസ്
'' ഹൈബി ഈഡൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കില' യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഗ്രാമസഭാംഗങ്ങൾക്ക് അവരുടെ ഉത്തരവാദിത്വങ്ങളെപ്പറ്റി പരിശീലനം നൽകുന്നതിന് 'കില' പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനവും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 20.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.
[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.